**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880** — **31-08-2022 - ൽ മറുപടിയ്ക്ക്**

**സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിന് പാരിതോഷികം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് സർക്കാർ പാരിതോഷികം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | **കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് സർക്കാർ പാരിതോഷികം നൽകിയിരുന്നു.** |
| (ബി) | എങ്കിൽ ടീമിൽ എത്ര പേരുണ്ടായിരുന്നുവെന്നും ആർക്കെല്ലാമാണ് പാരിതോഷികം നൽകിയതെന്നും എത്ര രൂപയായിരുന്നു പാരിതോഷികമെന്നും വ്യക്തമാക്കാമോ; പാരിതോഷികം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | **കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 20അംഗങ്ങൾക്കും മുഖ്യപരിശീലകനും രണ്ട് ലക്ഷം രൂപ വീതവും മാനേജർ, അസിസ്റ്റന്റ് പരിശീലകൻ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവർക്ക് ഒരു ലക്ഷം രൂപ വീതവും പാരിതോഷികം നൽകിയിരുന്നു. 05.04.2018ലെ സ.ഉ(കൈ)നം.2/2018/കാ.യു.വ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.** |
| (സി) | ടീമിൽ അന്ന് ഫിസിയോതെറാപ്പിസ്റ്റ് ആരായിരുന്നുവെന്നും ടിയാന് പാരിതോഷികം നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ; | (സി) | **പ്രസ്തുത ടീമിലെ ഫിസിയോ തെറാപ്പിസ്റ്റ് ശ്രീ.അരുൺ രാജ്.എ.എസ് ആയിരുന്നു. ടിയാന് ഒരു ലക്ഷം രൂപ പാരിതോഷികം നൽകിയിരുന്നു.** |
| (ഡി) | കേരളത്തിൽ വച്ച് നടന്ന 75-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് പാരിതോഷികം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | **കേരളത്തിൽ വച്ച് നടന്ന 75-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് പാരിതോഷികം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച 16.05.2022ലെ സ.ഉ(കൈ)നം.3/2022/ കാ.യു.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-IIആയി ചേർത്തിട്ടുണ്ട്.**<br><br>**75-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിലെ 20കായിക താരങ്ങൾക്കും മുഖ്യപരിശീലകനും അഞ്ച് ലക്ഷം രൂപ വീതവും അസിസ്റ്റന്റ് പരിശീലകൻ, മാനേജർ, ഗോൾകീപ്പർ ട്രെയിനി എന്നിവർക്ക് മൂന്ന് ലക്ഷം രൂപ വീതവും പാരിതോഷികം നൽകുകയുണ്ടായി.** |
| (ഇ) | ടീമിൽ എത്ര പേരുണ്ടായിരുന്നുവെന്നും | (ഇ) | **കേരളത്തിൽ വച്ച് നടന്ന 75-ാമത് സന്തോഷ്** |

| | | | |
|---|---|---|---|
| | ആർക്കെല്ലാമാണ് പാരിതോഷികം നൽകിയതെന്നും എത്ര രൂപയായിരുന്നു പാരിതോഷികമെന്നും വ്യക്തമാക്കാമോ ; | | **ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് പാരിതോഷികം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച 16.05.2022ലെ സ.ഉ(കൈ)നം.3/2022/ കാ.യു.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-IIആയി ചേർത്തിട്ടുണ്ട്.**<br><br>**75-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിലെ 20കായിക താരങ്ങൾക്കും മുഖ്യപരിശീലകനും അഞ്ച് ലക്ഷം രൂപ വീതവും അസിസ്റ്റന്റ് പരിശീലകൻ, മാനേജർ, ഗോൾകീപ്പർ ട്രെയിനി എന്നിവർക്ക് മൂന്ന് ലക്ഷം രൂപ വീതവും പാരിതോഷികം നൽകുകയുണ്ടായി.** |
| (എഫ്) | ടീമിന്റെ ഫിസിയോതെറാപ്പിസ്റ്റ് ആരായിരുന്നു എന്ന് വ്യക്തമാക്കാമോ; ടിയാന് പാരിതോഷികം നൽകിയിരുന്നോ എന്നും എങ്കിൽ എത്ര രൂപയാണ് പാരിതോഷികമായി നൽകിയതെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഫിസിയോതെറാപ്പിസ്റ്റിനെ ഒഴിവാക്കാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (എഫ്) | **75-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിന്റെ ഫിസിയോതെറാപ്പിസ്റ്റ് ശ്രീ.മുഹമ്മദ് ആയിരുന്നു. ടിയാന് പാരിതോഷികം അനുവദിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**കേരള സർക്കാർ**

സംഗ്രഹം

കായികയുവജനകാര്യ വകുപ്പ് - 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിനും 66-ാമത് ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം ജേതാക്കളായ കേരള ടീമിനും പാരിതോഷികം പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

=====================================================

**കായിക യുവജനകാര്യ (എ) വകുപ്പ്**

**സ.ഉ (കൈ) നം.2/2018/കാ.യു.വ തീയതി, തിരുവനന്തപുരം, 05.04.2018.**

=====================================================

പരാമർശം:- 23.03.2018-ലെ സ.ഉ(കൈ)നം.71/2018/പൊ.ഭ.വ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിനും കോഴിക്കോട് നടന്ന 66-ാമത് ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം ജേതാക്കളായ കേരള ടീമിനും സർക്കാർ പാരിതോഷികം നൽകാൻ തീരുമാനിച്ചു.

ഈ സാഹചര്യത്തിൽ സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 20 അംഗങ്ങൾക്കും മുഖ്യ പരിശീലകനും 2,00,000/-രൂപ (രണ്ടു ലക്ഷം രൂപ) വീതവും, മാനേജർ, അസിസ്റ്റന്റ് പരിശീലകൻ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവർക്ക് 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വീതവും പാരിതോഷികം നൽകി ഉത്തരവാകുന്നു.

66-ാമത് ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം ജേതാക്കളായ കേരള ടീമിലെ പന്ത്രണ്ട് കളിക്കാർക്കും പരിശീലകനും 1,50,000/-രൂപ (ഒരു ലക്ഷത്തിയൻപതിനായിരം രൂപ) വീതവും, അസിസ്റ്റന്റ് പരിശീലകനും മാനേജർക്കും 1,00,000/-രൂപ (ഒരു ലക്ഷം രൂപ) വീതവും പാരിതോഷികം നൽകി ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച് തുടർ നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

കൂടാതെ സന്തോഷ് ട്രോഫി കളിക്കാരിൽ താഴെപ്പറയുന്ന പതിനൊന്ന് പേർക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ പരാമർശം ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രത്യേക ഉത്തരവ് പുറപ്പെട്ടുവിക്കുന്നതാണ്.

1) മുഹമ്മദ് ഷെരീഫ്.വൈ.പി
2) ജിയാദ് ഹസൻ.കെ.ഒ
3) ജെസ്റ്റിൻ ജോർജ്ജ്

4) രാഹുൽ.കെ.പി
5) ശ്രീക്കുട്ടൻ.വി.എസ്
6) ജിതിൻ.എം.എസ്
7) ജിതിൻ.ജി
8) ഷംനാസ്.ബി.എൽ
9) സജിത് പൗലോസ്
10) അഫ്ദൽ.വി.കെ
11) അനുരാഗ്.പി.സി

കോഴിക്കോട് വച്ച് നടന്ന 66-ാമത് ദേശീയ ലീഗ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം കിരീടം നേടിയ കേരള ടീമിലെ ശ്രീ.സി.കെ.രതീഷിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്രയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ കോഴിക്കോട് ജില്ലയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി നൽകുവാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച നിയമന ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

സന്തോഷ് ട്രോഫി വിജയികളായ കായികതാരങ്ങളിൽ സ്വന്തമായി വീടില്ലാത്ത കാസർഗോഡ്, പീലിക്കോട്, ചെറുവത്തൂരിലെ ശ്രീ.രാഹുൽ.കെ.പി-ക്ക് വീട് നിർമ്മിച്ച് നൽകുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി.ഒ.സൂരജ്**
**സെക്രട്ടറി**

ബന്ധപ്പെട്ടവർക്ക് (കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (04.04.2018-ലെ ഇനം നം.2062 O.A പ്രകാരം)
വ്യവസായ വകുപ്പ്
വിവര പൊതുജന സമ്പർക്ക് വകുപ്പ് (വ്യാപക പ്രചാരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - II

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കായികയുവജനകാര്യ വകുപ്പ് - 75-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിന് പാരിതോഷികം പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കായിക യുവജനകാര്യ (എ) വകുപ്പ്

സ.ഉ (കൈ) നം.3/2022/S&YA തീയതി,തിരുവനന്തപുരം, 16-05-2022

---

<u>ഉത്തരവ്</u>

കേരളത്തിൽ വച്ച് നടന്ന 75-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് സർക്കാർ പാരിതോഷികം നൽകാൻ തീരുമാനിച്ചു.

2) ഈ സാഹചര്യത്തിൽ സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 20 കളിക്കാർക്കും മുഖ്യ പരിശീലകനും 5,00,000 -രൂപ (അഞ്ച് ലക്ഷം രൂപ) വീതവും അസിസ്റ്റന്റ് പരിശീലകൻ, മാനേജർ, ഗോൾകീപ്പർ ട്രെയിനി എന്നിവർക്ക് 3,00,000 -രൂപ (മൂന്ന് ലക്ഷം രൂപ) വീതവും പാരിതോഷികം നൽകി ഉത്തരവാകുന്നു.

3) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം. ശിവശങ്കർ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം

ബന്ധപ്പെട്ടവർക്ക് (കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന)

ധനകാര്യ വകുപ്പ്

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (13.05.2022-ലെ ഇനം നം.727 O.A പ്രകാരം)

വിവര പൊതുജന സമ്പർക്ക് വകുപ്പ് (വ്യാപക പ്രചാരണത്തിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Deeps

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.കായികയുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കായികയുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-ക്ക്.

കായികയുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-ക്ക്

## 75-ാമത് സന്തോഷ് ട്രോഫി വിജയിച്ച

## കേരള ടീമിലെ കളിക്കാർ/ ഒഫീഷ്യൽസ്

1. മിഥുൻ.വി - ഗോൾകീപ്പർ
2. ഹജ്മൽ.എസ് - ഗോൾകീപ്പർ
3. സോയൽ ജോഷി (U 21) - ഡിഫന്റർ
4. സൻജു.ജി - ഡിഫന്റർ
5. ബിബിൻ അജയൻ - ഡിഫന്റർ
6. അജയ് അലക്സ് - ഡിഫന്റർ
7. മുഹമ്മദ് ഷഹീഫ് (U21) - ഡിഫന്റർ
8. സൽമാൻ കളിയത്ത് - ഡിഫന്റർ
9. മുഹമ്മദ് റഷീദ്.കെ - മിഡ് ഫീൽഡർ
10. അഖിൽ.പി - മിഡ് ഫീൽഡർ
11. ജിജോ ജോസഫ് - മിഡ് ഫീൽഡർ
12. അർജ്ജുൻ ജയരാജ് - മിഡ് ഫീൽഡർ
13. നൗഫൽ.പി.എൻ - മിഡ് ഫീൽഡർ
14. ഷിജിൽ (U21) - മിഡ് ഫീൽഡർ
15. നിജോ ഗിൽബ്രട്ട് - മിഡ് ഫീൽഡർ
16. ഫസ്‌ലു റഹ്മാൻ മേട്ടുകയിൽ - മിഡ് ഫീൽഡർ
17. മുഹമ്മദ് ബാസിത് പി.റ്റി - ഫോർവേഡ്
18. മുഹമ്മദ് സഫ്നാദ് - ഫോർവേഡ്
19. ജെസിൻ.റ്റി. കെ തോണിക്കര - ഫോർവേഡ്
20. വിഘ്നേഷ് എം - ഫോർവേഡ്
21. ബിനോ ജോർജ് - ഹെഡ് കോച്ച്
22. പുരുഷോത്തമൻ.റ്റി.ജി - അസിസ്റ്റന്റ് കോച്ച്
23. മുഹമ്മദ് സലീം - മാനേജർ
24. സജി ജോയി - ഗോൾകീപ്പർ ട്രെയിനർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കായികയുവജനകാര്യ വകുപ്പ് - 75-ാമത് സന്തോഷ് ട്രോഫി ജേതക്കാളായ കേരള ടീമിന് പാതിതോഷികം പ്രഖ്യാപ്പിച്ച സർക്കാർ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കായികയുവജനകാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.4/2022/S&YA തീയതി,തിരുവനന്തപുരം, 25-05-2022

പരാമർശം:- 1) സ.ഉ(കൈ)നം.3/2022/കാ.യു.വ തീയതി 16.05.2020
2) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 19.05.2022ലെ KSSC/F3/965/2022 നമ്പർ കത്ത്.

ഉത്തരവ്

സന്തോഷ് ട്രോഫീ ജേതാക്കളായ കേരള ടീമിലെ 20 കളിക്കാർക്കും മുഖ്യ പരിശീലകനും 5,00,000/-രൂപയും അസിസ്റ്റന്റ് പരിശീലകൻ, മാനേജർ, ഗോൾ കീപ്പർ ട്രെയിനി എന്നീവർക്ക് 3,00,000/-രൂപ വീതവും പാതിതോഷികം നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) സന്തോഷ് ട്രോഫി ജേതാക്കൾക്ക് പാതിതോഷികം നൽകുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രസ്തുത തുക പാരിതോഷികം നൽകുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ തുക വിതരണം ചെയ്യുവാൻ സാധിക്കില്ലായെന്നും ആകയാൽ അധിക തുക അനുവദിക്കണമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 75-ാമത് സന്തോഷ് ട്രോഫീ ജേതാക്കളായ കേരള ടീമിലെ 20 കളിക്കാർക്കും മുഖ്യ പരിശീലകനും 5,00,000/-രൂപയും അസിസ്റ്റന്റ് പരിശീലകൻ, മാനേജർ, ഗോൾ കീപ്പർ ട്രെയിനി എന്നീവർക്ക് 3,00,000/-രൂപ വീതവും പാതിതോഷികം നൽകുന്നതിന് കായികയുവജനകാര്യാലയത്തിന്റെ 2204-00-104-82 (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് കായികയുവജനകാര്യ ഡയറക്ടർക്ക് അനുമതി നൽകുകയും പരാമർശം (1) സർക്കാർ ഉത്തരവ് അപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) കായികയുവജനകാര്യ ഡയറക്ടർ ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സരിത.ഡി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം

സ.ഉ.(കൈ) നം.4.2022 S&YA

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം

ബന്ധപ്പെട്ടവർക്ക് (കായികയുവജനകാര്യ ഡയറക്ടർ മുഖേന)

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (13.05.2022ലെ ഇനം നം.7270Aപ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വ്യാപക പ്രചരണത്തിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ